Monthly Newsletter of Guruvayoor Devotees Forum

ഓം നമോ നാരായണായ: Om Namo Narayanaya: ഓം നമോ നാരായണായ:

# നവനീതം

**മകരം** 1183 / January 2008

# NAVANEETHAM

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:



ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ ഭഗവതേ വാസുദേവായ:




Hare Rama Hare Krishna!

# Koti Naama Japam, Sanskrit learning &Thaipooyam.

**Wish you all a very happy 2008. May God be with you always.**

Our group's latest project is "**Koti Naama japam yagnam**" that we started in late November. I am so happy to see the height of devotion and dedication of many of our members as we have completed **5 lacs naama japams** in less than two months time!!




Thank you dear devotees for your Bhakthi and active participation. I urge all other members to join the Koti Naama japam and reach **our goal of one crore** naama japams sooner. Please email me or Veenaji, ChandraSekharji, Shashiji, Induji or Balagopalji if you need help or more info.
A special thanks to **Shashi-ji** for his invaluable help in keeping the Naama jamam web site up to date with the latest counts and stats.

Our last year special project was **Sanskrit learning with Dr.Saroja Ramanujam.** Recently she has extended the teaching and we now have online **live classes using Skype** and many students are benefiting from the same. There will be a new class for students from US as well. Please see our Sanskrit group (Guru-Kulam) for the same. We all thank Sarojaji for her dedication and her seva to all of us and HIM.

We have many new members in our group; I extend heartiest welcome to all new members and request everyone to be active in the group and contribute to Navaneetham. Some I suggest all new members **to introduce themselves to the entire group** and also suggest you to send a brief intro to publish in Navaneetham.

Thaipooyam – Lord Subramanias birthday is on January 23rd.



Another important subject is a general lack of interest for Navaneetham, less arttickes, less participation etc. I request all of you to take more interest in our monthly magazine and contribute poems, articles and Bhakthi related stuff for the same. Please send your suggestions to improve our magazine to editor@guruvayoor.com

It is your publication and your help and suggestions are highly anticipated.

**Om Namo Bhagavathe Vasudevaya.** **May God Bless you always.**

***Sunil Menon***



Om Namo Narayanaya:

"പലതും പറഞ്ഞു പകൽ കളയുന്ന നാവു തവ
തിരുനാമകീർത്തനമിതിനായ് വരേണമിഹ
കലിയായകാലമിതിലതുകൊണ്ടു മോക്ഷഗതി
എളുതെന്നുകേൾപ്പു ഹരി നാരായണായ നമഃ"

"Spend our time in contemplation of the Lord by reciting Narayanaya, rather than wasting life in futile pursuits of mundane pleasures and forgetting the purpose of Manava Janma. Om Namo Narayanaya:"

**Navaneetham (freshly churned butter) is a humble attempt by Guruvayur Devotees Forum to create a monthly news letter for our group. Please send your comments, suggestions and any materials that you wish to publish to editor@guruvayoor.com**



കൃഷ്ണാ ഗുരുവായൂരപ്പാ!

# വിഷയക്രമം / CONTENTS


| | | |
|---|---|---|
| Madhavam Madhu Soothanam – *Malayalam Poem* | 5 | Dr. Sukumar canada |
| Bhagavd Gita in Malayalam – Chapter 18 | 6 | Raju, Dombivili |
| Mukunda Mala | 23 | Dr. Saroja Ramanujam |

# മാധവം മധു സൂദനം

ഡോ. എ.പി.സുകുമാർ




മാധവം മധു സൂദനം രാധികാ മന: മോഹനം
കോമളം മൃദുഹാസിതം മോഹനം മന:രഞ്ജിതം
കാത്തു നിൽപ്പൂ കണ്ണനോടക്കുഴലുമായി നിരന്തരം
താന്തമെന്നുടെ തൽസ്വരൂപം സുസ്വരത്താൽ തരളിതം

നാമരൂപ നിതാന്തഭാവന എന്നുമെൻ നിഴലായതിൽ
തന്റെ മായാ മോഹലീലയിൽ ആടുവാനൊരു രൂപമായ്
നിന്റെ കളിയിൽ എന്നുമേ ഞാൻ കേവലം ഒരു പാത്രമായ്
നിന്റെ മായാ മുരളി പോൽ ഞാൻ നിന്നു നിൻ സ്വരവാഹിയായ്

വന്നു കണ്ടു നീ നിത്യമുള്ളിൽ മൂന്നു ലോക തലത്തിലും
എന്നുമെന്നും 'ഇതൊന്നു' മാത്രം എന്നു ഞാനറിയുമ്പൊഴും
നൂറു ദിവ്യ പദങ്ങളാൽ നിൻ വർണ്ണനങ്ങളിൽ മുഗ്ദ്ധനായ്
വാക്കു മുട്ടിയനേരമെന്നിൽ സുസ്വരൂപം കണ്ണനായ്

# ഭഗവദ് ഗീത

## അദ്ധ്യായം- പതിനെട്ട്  - മോക്ഷസന്യാസയോഗം - ഭാഷ.



**രാജു** , മുംബൈ, ഡോംബിവലി.

ശ്ലോകം - 1

പാർത്ഥൻപറഞ്ഞു,തൻ സാരഥിയോടിത്ഥം
"ആഗ്രഹമുണ്ടെനിക്കെല്ലാമറിയുവാൻ
ത്യാഗസന്ന്യാസസ്യ തത്വങ്ങൾ വെവ്വേറെ-
കേശിനിമർദ്ദന ശക്താ മഹാപ്രഭോ".

ശ്ലോകം - 2:

സ്വധർമ്മകർമ്മങ്ങൾ ഫലേച്ഛക്കൂടാതെ
ചെയ്യുതീർക്കുന്നവൻ ത്യാഗിയെന്നോർക്കണം
കാമ്യകർമ്മാദികൾ പാടെ നിഷേധിക്കും
ജ്ഞാനികൾക്കുത്തമം സന്യാസസാധകം.

ശ്ലോകം - 3:

മനീക്ഷികൾ ചിലർ ചൊല്ലുന്നുകർമ്മങ്ങൾ

യുക്തിക്കുചേരായ്ക,കൊണ്ടുപേക്ഷിക്കുവാൻ,
യജ്ഞാദികർമ്മങ്ങൾ ഉത്തമമാകയാൽ
വർജ്ജിയ്ക്കവേണ്ടെന്നൊരുമതം വേറേയും

ശ്ലോകം - 4:

ഭാരതശ്രേഷ്ഠാ,നീ കേൾ മമ നിശ്ചയം
ത്യാഗത്തിനർത്ഥം പറയുന്നതുണ്ടിപ്പോൾ;
"ത്യാഗത്തെ മൂന്നായി വർണ്ണനം ചെയ്തിടാം-
ഓർക്കുക, ശ്രേഷ്ഠപുരുഷ; മമ സഖേ!"

ശ്ലോകം - 5:

"നിഷ്കാമകർമ്മവും,സാത്വികദാനവും
സിദ്ധന്മാരെപ്പോഴും പാലിയ്ക്കണം ദൃഢം
യജ്ഞദാനാദികൾ; താപസ്യ കർമ്മവും
ശുദ്ധിയ്ക്ക് കാരണഭൂതമെന്നോർക്കണം.

ശ്ലോകം - 6:

പാർത്ഥാ,ധരിച്ചാലും മാമകാ,ഭിപ്രായം
"ആസക്തിയും ഫലചിന്തയുമില്ലാതെ
ഏതുകർമ്മങ്ങളും ആവശ്യം ചെയ്യണം
ആയതുതന്നെ മഹത്വം ധരിച്ചാലും.

ശ്ലോകം - 7:

"നിയമേന ചെയ്യും ധർമ്മകർമ്മാദികൾ
വർജ്ജിക്കയെന്നതു സത്യവിരുദ്ധമാം.
അജ്ഞതകൊണ്ടുപേക്ഷിക്കുമനുഷ്ഠാനം
"താമസ'മായി,പ്പരികീർത്തിക്കപ്പെടും."

ശ്ലോകം - 8:

ത്യാഗകൃത്യം ചെയ്യതിൻ ഫലം നേടുവാൻ
'ഏതവൻ ബുദ്ധിമുട്ടാണെന്നു കൽപിച്ച്
ക്ലേശഹീനനായ്ക്കൊണ്ടു കർമ്മകാര്യങ്ങൾ
ത്യാജ്യകോടിയിൽപ്പെടുത്തുന്നോനൊക്കില്ല".

ശ്ലോകം - 9:

ഇതുതാൻ കർത്തവ്യമെന്നുള്ള ചിന്തയിൽ
ഇച്ചയില്ലാതെ,യനുഷ്ഠാന കർമ്മങ്ങൾ
ചെയ്യതീർക്കുന്നതിനർജ്ജുനാ,മൽസഖേ'
തൽത്യാഗം 'സാത്വിക' ധർമ്മം ധരിച്ചാലും.

ശ്ലോകം - 10:

ത്യാഗിയും സാത്വിക ബുദ്ധിസ്ഥിരതനും
ഒന്നുമേസംശയംഹൃത്തിലില്ലാത്തോനും
കർമ്മഫലദു:ഖ മേൽക്കുകയില്ലെന്നും
ദു:ഖദകർമ്മത്തെ വർജ്ജിക്കുമോർക്കുക.

ശ്ലോകം - 11:

ദേഹസ്ഥജീവിക്ക് കർമ്മം സമസ്തവും-
പാടെനിരസ്സിയ്ക്കു സാദ്ധ്യ മല്ലായ്‌വരും.
ഏതവൻ കർമ്മഫലങ്ങൾ ത്യജിക്കുമോ
ആയവൻ 'ത്യാഗി'പദത്തിനു ചേർന്നവൻ.

ശ്ലോകം - 12:

അനിഷ്ട,മിഷ്ട,മവചേർന്ന മറ്റൊന്നും

കർമ്മഫലം മൂന്നുവിധം ജീവശേഷം
ത്യാഗഹീനർക്കനുഭവസിദ്ധം ദൃഢം
ത്യാഗികൾക്കവ സിദ്ധവുമല്ലനനം.

ശ്ലോകം - 13:

സാംഖ്യദർശനാന്തേ പ്രോക്തം ഇത്ഥമഞ്ചു-
കാരണങ്ങൾ കേൾക്കുക, ഹേമഹാബാഹോ
മാമകമൊഴിയാലെ കർമ്മസിദ്ധാർത്ഥം
ജ്ഞാനികളെപ്പോഴ്ഴ,മറിയേണ്ടുന്നവ.

ശ്ലോകം - 14:

ജീവാത്മാവാകുംശരീരം; അതിൻ'കർത്താ'-
വട്ടത്തതഞ്ചുഭിന്ന 'കരണ',ങ്ങളും,
നാലാമൻ പലവിധ 'ചേഷ്ട' കളപ്പോൾ-
പ്പഞ്ചമമായിത്തീരും 'യാദൃച്ഛികത'.

ശ്ലോകം - 15:

"ഗാത്രംവാക്ക്മനസ്സിത്യാദികൊണ്ടേവം-
ന്യായമായ്ത്തോന്നീതായാലുമില്ലെങ്കിലു-
മതിൽ ഹേതുവായ് മുന്നിൽനിൽക്കുന്നത്
ഈയഞ്ചുകാരണ മെന്നുധരിച്ചാലും."

ശ്ലോകം - 16:

തൽപഞ്ചെ കാരണം കർമ്മങ്ങൾക്കിരിക്കെ
ആരുപാർക്കുന്നുവോ കേവലാത്മാവിനെ
സംസ്കാരശൂന്യത കാരണം കർത്താവായ്
ആയവൻ ദർശിയ്ക്കയില്ലായഥാർത്ഥ്യത്തെ.

ശ്ലോകം - 17:

ആർക്കുഞ്ഞാൻ കർത്താവെന്ന ഭാവമില്ലയോ
ആരുടെബുദ്ധിയാസക്തമാകില്ലയോ
ആയൊ,രുവനീ ജനത്തെഹനിക്കുകിൽ
ബദ്ധനാകില്ലവൻ; ഹനിക്കുന്നുമില്ല.

ശ്ലോകം - 18:

ജ്ഞാനംതത്വിഷയം ജ്ഞാതാവെന്നിങ്ങനെ
കർമ്മചോദനം(പ്രേരണ) ത്രിവിധമറികനീ;
ഇന്ദ്രിയകർമ്മകർത്താദികളെന്നുള്ള
കർമ്മാശ്രമങ്ങളും മൂന്നെന്നറിയുക.

ശ്ലോകം - 19:

ജ്ഞാനവും കർമ്മവും കർത്താവും ത്രിവിധം
സത്വാദിഗുണവ്യത്യാസം പ്രമാണിച്ചു
സാങ്ഖ്യശാസ്ത്രത്തിൽപ്പറയുന്ന-
തും കേട്ടുധരിക്ക സംശയമെന്നിയേ.

ശ്ലോകം - 20:

വിഭക്തങ്ങളായ സർവ്വഭൂതത്തിലും
അവ്യയവും അവിഭക്തവുമായുള്ള
ഏകഭാവത്തെ ഏതൊരുജ്ഞാനത്തിനാൽ-
കാണുമോ തത്ജ്ഞാനം 'സാത്വിക'മോർക്കണം.

ശ്ലോകം - 21:

സകലഭൂതങ്ങളിലും ചരാചരം

ഏതൊരുജ്ഞാനത്താൽ അനേകത്വങ്ങളെ
വെവ്വേറെയായിട്ടൊണ്ട്,വെവ്വേറെ കാണുന്നോ
തത്ജ്ഞാനം 'രാജസ'മായിഗണിച്ചിടും.

ശ്ലോകം - 22:

യഥാർത്ഥവുമല്ലാ പൂർണമല്ലാത്തതും
യുക്തിവിരുദ്ധവും ഷുദ്രവുമായുള്ള
ഏതൊരുജ്ഞാനത്തെ പൂർണ്ണമയ്ത്തോന്നുന്നോ
തത്ജ്ഞാനം 'താമസ'ജ്ഞാനമെന്നോർക്കുക.

ശ്ലോകം - 23:

ഏതവൻതെല്ലും ഫലകാംഷയില്ലാതെ-
നിസ്സങ്ങതയോടും രാഗദ്വേഷങ്ങളി-
ൽ തൽപ്പരനല്ലാഞ്ഞു കർത്തവ്യകർമ്മങ്ങൾ
ചെയ്‌വതിന്ന് സാത്വികകർമ്മമെന്നുപേർ.

ശ്ലോകം - 24:

ഫലസിദ്ധിതൽപ്പരനായിട്ടൊണ്ടേതവൻ
ക്ലേശിച്ചഹങ്കാരത്തോടെയനുഷ്ഠിക്കും
സൽപ്പേരിനായുള്ള കർമ്മംസമസ്തവും
'രാജസ്സ'കർമ്മ നാമത്താലറിയുന്നു.

ശ്ലോകം - 25:

മോഹങ്ങൾക്കടിമയായിട്ടേതൊരുവൻ
ഭാവിഫലങ്ങളും നാശനഷ്ടങ്ങളും
പരദ്രോഹ പൗരുഷമേതും കാണാതെ
ചെയ്യുന്ന കർമ്മങ്ങൾ 'താമസ' കർമ്മമാം.

ശ്ലോകം - 26:

സാത്വികകർമ്മത്തിന്നധിപനായ് വരും-
ഏതൊരുവൻ നിരഹങ്കാരനും, ധൈര്യ-
മുത്സാഹശീലൻ നിസ്സംഗനും, സിദ്ധിയു-
മസിദ്ധിയും നിരാകരിക്കുന്നോ അവൻ.

ശ്ലോകം - 27:

ആസക്തിയും ഫലമിച്ഛിക്കുമേവനും
ധനകാംഷിയും പരദ്രോഹതൽപ്പരൻ
ആഹ്ലാദദു:ഖാദികൾക്കടിമയും ശു-
ചിത്വ(മില്ലാത്തോനും)ഹീനനും 'രാജസ'നായിടും.

ശ്ലോകം - 28:

താമസനായിഗണിക്കപ്പെടുന്നവൻ
യോഗനിഷ്ഠാദിവിനയാവിഹീനനും
പ്രാക്രിതനും തഥ കർമ്മവിമുഖനും
ദീർഘസൂത്രിമടിവിഷാദവും ദ്രിഢം.

ശ്ലോകം - 29:

ധനഞ്ജയ, ബുദ്ധിധൈര്യാതിഗുണങ്ങൾക്ക്
ഹേതുവയ് ത്രിവിധ ഭേദത്തെ പ്രത്യേക-
മുപദേശിക്കുന്നതുണ്ടുഞാൻ കേൾക്കുക-
ശ്രദ്ധയോടെയവയൊക്കെയും മൽസഖേ.

ശ്ലോകം - 30:

ഹേ പാർത്ഥ. കർമ്മാ,കർമ്മങ്ങളും ഭയവു-

മഭയവും, കർത്തവ്യാ,കർത്തവ്യങ്ങളും
മുക്തിയും ബന്ധവും ആരാലറിയുന്നോ
തൽബുദ്ധി 'സാത്വിക' ബുദ്ധിയറിയുക.

ശ്ലോകം - 31:

ഏതൊരുബുദ്ധി ധർമ്മാ,ധർമ്മങ്ങളും
കാര്യാ,കാര്യങ്ങളും അയഥാർത്ഥ്യമെന്നു-
കാണുന്നോ ആ ബുദ്ധി പാർത്ഥാധരിച്ചാലും,
കേവലം 'രാജസ' ബുദ്ധിയെന്നുള്ളത്.

ശ്ലോകം - 32:

പാർഥ, മൽസഖേ, അജ്ഞാനാന്ധകാരത്തി-
ലേതൊരു ബുദ്ധി വിചാരിക്കുന്നുവോര-
ധർമ്മത്തെ ധർമ്മമെന്നും മറ്റുള്ളതെല്ലാം
വിപരീതമെന്നതും 'താമസ' ബുദ്ധി.

ശ്ലോകം - 33:

ധൈര്യസമേതനായ് ഏതൊരുപ്രാണിയും
വ്യതിചലനമെന്യേ യോഗനിഷ്ഠയാൽ
ആഘാതങ്ങളെ,യെല്ലാം നിയന്ത്രിക്കുന്നോ
ആയത്'സാത്വിക' ധൈര്യമെന്നോർക്കനീ.

ശ്ലോകം - 34:

കുന്തീസുതനായ അർജ്ജുനാ കേൾക്കനീ
ഏതൊരു ധൈര്യത്താൽ മാനുഷ്യൻ ധർമ്മാർത്ഥ-
കാമം ധരിച്ചതിനാസക്തിയാൽഫല-
മിച്ഛിക്കുന്നോ അത് 'രാജസ' മാകുന്നു.

ശ്ലോകം - 35:

പാർത്ഥിവരേന്ദ്ര സൂനോ മമ വാക്കുകൾ
ഏതൊന്നിനാൽ സ്വപ്നഭയദു:ഖാദികൾ
ത്യാജ്യകോടിതന്നിൽ,തള്ളുന്നതില്ലയോ
ആധ്രിതി 'താമസ'മെന്നുധരിക്കുക.

ശ്ലോകം - 36 & 37:

ഭരതകുലശ്രേഷ്ഠാ,ർജ്ജുനാ കേൾക്കണം
ത്രിവിധസുഖത്തെക്കുറിച്ചെൻഭാഷിതം.
ഏതൊരുസുഖത്തിൽ അഭ്യാസബലത്തെ-
ക്കൊണ്ട്രമിക്കയും ദു:ഖാന്ത്യേനിശ്ചയം
പ്രാപിക്കചെയ്യുന്നോ; ഏതുസുഖമഗ്രേ
വിഷസമമായും അന്ത്യേ,മൃതതുല്യ-
മാകുമാസുഖം ആത്മബുദ്ധിപ്രസാദ-
മാകകൊണ്ട് 'സാത്വിക'മെന്നോർക്കവേണം.

ശ്ലോകം - 38:

രൂപരസശബ്ദാദിവിഷയങ്ങളും-
നേത്ര,രസാശ്രോത്രാദിന്ദ്രിയങ്ങളും
ചേർന്നാദ്യമമൃതമായും പിന്നെവിഷ-
മായും തോന്നുന്നുവോ തൽസുഖം 'രാജസം'.

ശ്ലോകം - 39:

ആദിമദ്ധ്യാന്തങ്ങളിലേതൊരുസുഖ-
മാത്മാവിന് മോഹമുളവാക്കുന്നതു-
മാലസ്യാദികളിൽനിന്നുണ്ടാകുന്നുവോ
ആ സുഖം 'താമസ'മെന്നുഗണിക്ക നീ.

ശ്ലോകം - 40:

ഭൂമിയിലോ സ്വർഗ്ഗത്തിൽ ദേവന്മാരിലോ
കാണുകയില്ലെന്നു നിർണ്ണയം ത്രിവിധ-
പ്രകൃതിഗുണമുക്തയായൊന്നുവേറെ-
ത്രിഗുണാതീതൻ പരബ്രഹ്മമാകയാൽ.

ശ്ലോകം - 41:

ശത്രുനാശനാ,സൂക്ഷ്മമായറിഞ്ഞാലും
'സത്വാദിഗുണത്തെയടിസ്ഥാനമാക്കി-
യിട്ടല്ലോവിഭജനം ചെയ്തിതുകർമ്മ-
ങ്ങളെനാലുവർണ്ണാശ്രമികൾക്കെന്നത്.

ശ്ലോകം - 42:

ജ്ഞാനവിജ്ഞാനവും ഈശ്വരസേവയും
ഇന്ദ്രിയാദിയെ നിയന്ത്രിക്കയെന്നതും
ശൗചംക്ഷമവക്രതയില്ലായ്മകളും
ബ്രാഹ്മണ കർമ്മ സ്വഭാവമറിഞ്ഞാലും.

ശ്ലോകം - 43:

ധൈര്യവും ശൗര്യവും തേജസ്സും ദാഷ്യവും
യുദ്ധമദ്ധ്യേ ഒളിച്ചോടാതിരിക്കയും
ഔദാര്യശീലവും പ്രഭുത്വഭാവവും
ക്ഷത്രിയധർമ്മസ്വഭാവം ധരിച്ചാലും.

ശ്ലോകം - 44:

ശൂദ്രവൈശ്യാദി സ്വഭാവിക കർമ്മങ്ങൾ

ശൂദ്രനു 'സേവനം' ചെയ്യുന്ന കർമ്മവും
വൈശ്യന്ന് വാണിജ്യം ഗോരക്ഷണം കൃഷി
ഇത്യാദി ജൻമസിദ്ധമായ് ധരിച്ചാലും.

ശ്ലോകം - 45:

അവരവർതന്നുടെ കർമ്മത്തിൽ ദൃഢ-
നിഷ്ഠനായ് മാനവർ ലക്ഷ്യത്തെ നേടുന്നു.
സ്വകർമ്മതൽപ്പരനേതുവിധം കാര്യ-
സിദ്ധിവരിക്കുന്നതെന്നതുകേൾക്ക നീ?

ശ്ലോകം - 46:

പ്രാണിതൻ ചേഷ്ടകൾ ആരിൽനിന്നാകുന്നോ
ആരാൽജഗത്തിന്നധിപനായ് വാഴുന്നോ
ആസവ്യസാചിയെ സ്വസ്വകർമ്മംകൊണ്ട്
പൂജിച്ച് ലക്ഷ്യത്തിലെത്തുന്നു മാനുഷർ.

ശ്ലോകം - 47:

സ്വധർമ്മമുത്തമം വിഗുണമെങ്കിലും
ശ്രേഷ്ഠമായപരധർമ്മാനുഷ്ഠാനത്തിലും
നിഷ്കാമകർമ്മമനുഷ്ഠിക്കും കർമ്മിക്ക്
എക്കാലവും പാപമേൽക്കയില്ലാദൃഢം.

ശ്ലോകം - 48:

ദോഷഭൂയിഷ്ഠമാകിലും സ്വകർമ്മത്തെ
തെല്ലുപോലും ത്യജിക്കേണ്ട,കൗന്തേയ
സർവ്വകർമ്മങ്ങളും ധൂമത്താലഗ്നിപോൽ
മൂടപ്പെട്ടുകിടക്കുന്നതിദോഷത്താൽ.

ശ്ലോകം - 49:

സർവ്വകാര്യത്തിലും ആസക്തിയില്ലാതെ
ഇന്ദ്രിയാദിമനസ്സിനേയും ജയിച്ചെ-
പ്പോഴും കർമ്മത്തിൽ ഫലേശ്ച്ചയില്ലാത്തവൻ
പരമനൈഷ്കർമ്മ്യസിദ്ധിപ്രാപിച്ചീടും.

ശ്ലോകം - 50:

കേൾക്കുക,കൗന്തേയ,സംഗ്രഹിച്ചോതുന്നു
നൈഷ്കർമ്മ്യസിദ്ധി പ്രാപിച്ചവനെങ്ങിനെ
ബ്രഹ്മപദത്തിന്നധികാരിയാകതും
ആ ബ്രഹ്മജ്ഞാനം പരമകാഷ്ഠ: ദൃഢം.

ശ്ലോകം - 51-52-53:

ഏതൊരുവൻ നിർമ്മലമാനസ്സനാകുന്നോ-
നിഷ്കാമകർമ്മസാധകങ്ങളിൽക്കൂടി
ആയവൻധൈര്യത്താലാത്മനിയന്ത്രണം
സാധിച്ചുവിഷയാസക്തിത്യജിച്ചേവ-
മുപേക്ഷിക്കുക രാഗദിദ്വേഷങ്ങൾ
പിന്നെ ഏകാന്തമായ് മിതാഹാരിയായി-
ധ്യാനനിരതനായ്ത്തീരുന്നോൻനിർമ്മലൻ-
പരബ്രഹ്മനായ്ത്തീരുവാനർഹനാം.

ശ്ലോകം - 54:

ആവിധം ബ്രഹ്മമായ്തീർന്നവൻ നിർമ്മലൻ
പ്രസന്നചിത്തനും ദു:ഖ വിഹീനനും
ആഗ്രഹമില്ലാതെ സർവ്വഭൂതത്തിലും
സമദർശിക്കെന്നിൽ ഭക്തിഭവിക്കുന്നു (ലഭിക്കുന്നു).

ശ്ലോകം - 55:

തൽഭക്തികൊണ്ടവനെന്നെയറിയുന്നു
ആരുഞ്ഞാനെന്നതും എങ്ങനെയെന്നതും
എന്നെയറിഞ്ഞതിൻ ശേഷമവനുമ-
ൽ കാരുണ്ണ്യംകൊണ്ട് സായൂജ്യം സിദ്ധിക്കുന്നു.

ശ്ലോകം - 56:

എന്നെസദാകാലം സർവ്വകർമ്മാദിയാൽ
ഏതൊരുവൻ പരമാശ്രയിക്കുന്നുവോ
മൽപ്രസാദത്തിന്നവനർഹനാവതു-
മാത്രമോ,യെൻപദം പ്രാപിക്കും നിശ്ചയം.

എസ്.ലോകം - 57:

സർവ്വകർമ്മങ്ങളും മനസാ എന്നില-
ർപ്പിച്ചുമൽപ്രസാദം പരമോൽകൃഷ്ടമായ്-
ക്കണ്ടിട്ട് ബുദ്ധിയോഗസ്ഥനായിസ്സദാ-
ചിന്തിക്കണമെന്നെ,യെന്നതറിഞ്ഞാലും.

ശ്ലോകം - 58:

മൽപ്രസാദകൊണ്ട് സർവ്വക്ലേശങ്ങളും
മറികടക്കേണമെന്നെഭജിച്ചു നീ;
നാശംനിനക്കു ഭവിക്കുമെന്ന് ദൃഢം
ലേശമഹങ്കാരതൽപ്പരനാകുകിൽ.

ശ്ലോകം - 59:

വ്യർത്ഥമാകും തവ നിശ്ചയം നീയുദ്ധം-

ചെയ്കയില്ലെങ്കിലഹങ്കാരദാർഢ്യത്താൽ.
പ്രകൃതിതൻ നിശ്ചയം വ്യർത്ഥമാവില്ല
യുദ്ധമനുഷ്ഠിക്ക ക്ഷത്രിയധർമ്മമാം.

ശ്ലോകം - 60:

കൗന്തേയ, സ്വസ്വഭാവിക കർമ്മബദ്ധൻ
ഏതൊന്നു ചെയ്‌വാൻ മടികാണിച്ചീടുന്നോ
തൽക്കർമ്മമെല്ലാം കഥയില്ലായ്മമൂലം
വിലക്കാൻ നീ,യസ്വതന്ത്രനാണു നൂനം.

ശ്ലോകം - 61:

സർവഭൂതാദിതൻ ഹൃദയമദ്ധ്യത്തിങ്കൽ
സർവേശ്വരൻ കുടികൊള്ളുന്നിതർജ്ജുനാ-
മായയാൽ ദാരുയന്ത്രംപോൽഭ്രമിപ്പിച്ചെ-
ല്ലായിപ്പോഴുമ്മോർക്കണം ചിത്തത്തിൽ മൽസഖേ.

ശ്ലോകം - 62:

ആഹൃദസ്ഥനാ,മീശ്വരൻ തന്നെനീ
മാതാപിതൃഗുരുസുഹൃത് ഭാവേന
പ്രാപിക്കണം ശരണാർത്ഥമപ്പോൾവരും
ശാശ്വതസ്ഥാനവും ശാന്തിയും ഭാരത.

ശ്ലോകം - 63:

ഇപ്രകാരം ഞാനുപദേശമായ്ചൊന്ന-
പരമരഹസ്യമാം ശാസ്ത്രതത്വങ്ങളെ
യുക്തിയുക്തം താൻ നിരൂപണം ചെയ്തിട്ട്
ഇച്ഛയേതോ അത് സ്വീകരിച്ചീടേണം.

ശ്ലോകം - 64:

ഗീതാരഹസ്യം പറയുന്നതുണ്ടിനീ-
കേൾക്കണം ശ്രദ്ധയോടെയവയൊക്കവേ
ഇഷ്ടരിൽ ശ്രേഷ്ഠനായ് വാഴുന്നുനീയെനി-
ക്കെന്നു കരുതിപ്പറയുന്നിതേവിധം.

ശ്ലോകം - 65:

പ്രേമപ്രഭാവേന നിത്യവുമെന്നെനീ
ഏകാഗ്രചിത്ത: ശരണം ഗമിക്കണം
എന്നിൽദൃഢമായ വിശ്വാസം പൂണ്ടു നീ-
ഭക്ത്യാഗമിക്കുകിൽ മുക്തിയും നിശ്ചയം.

ശ്ലോകം - 66:

ധർമ്മങ്ങളെല്ലാമുപേക്ഷിച്ചുകൊണ്ടു നീ
എന്നെയൊരാളെശരണംപ്രാപിക്കുകിൽ
സകലപാപവിമുക്തനായ്ത്തീർന്നിട്ട്
ദു:ഖ്ങ്ങളെല്ലാം ഉപേക്ഷിക്കു ഭാരത.

ശ്ലോകം - 67:

എന്നാലുപദേശരൂപേണചൊല്ലിയ
തത്വശാസ്ത്രം തപോനിഷ്ഠാവിഹീനനും
ഭക്തിഹീനർക്കും പരദോക്ഷകാംക്ഷിക്കും
ചൊല്ലിക്കൊടുത്തുകൂടെന്നതറിഞ്ഞാലും.

ശ്ലോകം - 68:

ഇങ്ങിനെയുള്ളയീഗീതാരഹസ്യത്തെ

മൽഭക്തന്മ്മാർക്കുപദേശിക്കുന്നുവോ-
തൽഭക്തനുത്തമഭക്തനയ് മാറിയി-
ട്ടെന്നെ പ്രാപിക്കുമതിനില്ല സംശയം.

ശ്ലോകം - 69:

ഗീതോപ,ദേഷ്ടാവായ് വാഴുമവനേക്കാൾ
മൽപ്രിയമേറുകയില്ല മറ്റാരോടും
അവ്വണ്ണം പ്രിയതരനായൊരുവനും
ഭുവിങ്കലുണ്ടാകയില്ലെന്നു നിർണ്ണയം.

ശ്ലോകം - 70:

നമ്മുടെ സംവാദം ആരാൽ പഠിക്കുമോ
ജ്ഞാനയജ്ഞത്താലവൻ പരമോത്തമ-
നായി എക്കാലവും എന്നെമറികട-
നീടുമതിനില്ല സംശയമേതുമേ.

ശ്ലോകം - 71:

പ്രാപിച്ചിടും ശുഭലോകം നരനവൻ
ശ്രദ്ധയോടുമനസൂയ,യോടുമവ-
നീസംഭാഷണം ശ്രവിച്ചീടുകെന്നാകി
ലോപാപമുക്തനയ് സന്നേഹമില്ലതിൽ.

ശ്ലോകം - 72:

ശ്രദ്ധയോടേകാഗ്രചിത്തനായ്കേട്ടുവോ
പാർത്ഥാ,നീനക്കുപദേശിച്ചതൊക്കവേ?
നിൻറെയജ്ഞാനസംമോഹ,മശേഷവും
വിനാശം പ്രാപിച്ചുകാണുകയില്ലയോ?

ശ്ലോകം - 73:

ഇത്ഥം പറഞ്ഞതുകേട്ടർജ്ജുനൻ ചൊന്നാൻ
"ത്വൽപ്രസാദത്താലെൻ മതിഭ്രമം പാടെ
ശമിച്ചാത്മബോധം വീണ്ടെന്നിലച്യുതാ-
താവകസന്ദേശം ഭക്ത്യാഗ്രഹിച്ചതിൽ".

ശ്ലോകം 74 & 75:

ഈവിധം പാർത്ഥനും കൃഷ്ണനും തമ്മിലു-
ള്ളത്ഭുത അസംവാദം ശ്രവിച്ചിതാശ്ചര്യം.
വ്യാസപ്രസാദേന ആയോഗം കേട്ടുഞ്ഞാൻ
കൃഷ്ണനാ,ലോതുന്ന പോലവേ നേരിട്ട്.

ശ്ലോകം - 76, 77, 78.

കൃഷ്ണാർജ്ജുനന്മാർതൻസംവാദം മന്നവാ-
സ്മരിച്ചിട്ടാനന്ദം കൊള്ളുന്നു ഞാനെന്നും.
ശ്രീഹരിതന്നുടെ രൂപംസ്മരിച്ചുഞ്ഞാ-
നെപ്പോഴും കോൾമയിർകൊള്ളുന്നുവിസ്മയാൽ.
കൃഷ്ണൻ യോഗേശ്വരൻ പാർത്ഥൻ ധനുർദ്ധരൻ
പക്ഷത്തിൽ വിജയൈശ്വര്യാദികൾ ദൃഢം.

(ഇതിരാജുവിരചിതം ഭാഷാഗീതാഷ്ടാദശാദ്ധ്യായ:).

മുംബൈ, ഡോംബിവലി.
സെപ്റ്റംബർ 5, 2007.

Om Namo Narayanaya:
***OM NAMO NARAYANAYA:***



# MUKUNDAMALA

DR. SAROJA RAMANUJAM, M.A., PH.D, SIROMANI IN SANSKRIT.

**Will be updated soon. Please check back**



## Group Member Introduction

Dear Editor,

My name is Mini Vijayan and I am based in USA with my husband and one year old daughter. I have been an active reader of the Navaneetham magazine for the past several months and wish to extend my thanks to all members who have shared their thoughts, experiences and knowledge via this wonderful publication.

I have been a devotee of Sree Guruvayoorappan for a while now and I also regard Sree Raghavendra, whose shrine is in Mantralaya, as my Guru. Sree Raghavendra is believed to be an incarnation of Bhakta Prahlada, one of the greatest devotees of Narayana, who will lead devotees through the divine path to the Supreme.

I would like to contribute 2 verses from the Bhagavad Gita which are among my favorites.

***Karmaņy evādhikāras te mā phalesu kadācana***
***mā karmaphalahetur bhūr mā te sańgo 'stv akarmaņi***

Human right is for activity only, never for the resultant fruit of actions. Do not consider thyself the creator of fruits of thy activities; neither allow thyself attachment to inactivity.

***Yogasthah kur karmāni sangam tyaktvā dhanamjaya***
***Siddyasiddhyoh samo bhūtvā yoga ucyate***

Remaining immersed in yoga, O Dhananjaya, perform all actions, forsaking attachment to their results, being indifferent to success and failure (and having even mindedness in joy and sorrow). This mental evenness is yoga.

Thank you.

Regards,
Mini Vijayan

**Please email your name and a brief introduction to have your personal introduction published in next Navaneetham. Please email your comments, suggestions & articles for next Navaneetham to editor@guruvayoor.com**

***Sources, credits and copyright acknoledgements***

www.wikipedia.com
ernakulam.nic.in
Krishna pictures/Artwork courtesy of **The Bhaktivedanta Book Trust International, Inc.** **www.krishna.com.**

**Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.**



**Submitted at the lotus feet of Sri Guruvayoorappan by devotees.**

**Loka Samastha Sukhino Bhavanthu - May God bless everyone.**

**Om Namo Narayanaya:**